കോരാമ്പാടം പ്രദേശത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കുന്നത്.

79 (464) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രൂക്ഷമായ വോൾട്ടേജ് ക്ഷാമംമൂലം കടിവെള്ള പമ്പിങ് പോലുള്ള അത്യാവശ്യ സർവ്വീസുകൾ തടസ്സപ്പെടുന്ന കടമക്കുടി പഞ്ചായത്തിലെ കോരാമ്പാടം പ്രദേശത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഇതിലേയ്ക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത ജോലി ചെയ്യുന്നതിന് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് ഈ ജോലി ചെയ്യുന്നത്. അതിനാൽ സർക്കാർ ഫണ്ട് അനുവദിക്കേണ്ടതില്ല. രണ്ട് മാസത്തിനകം പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

വോൾട്ടേജ് ക്ഷാമം

80 (465) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെന്മാറ സബ്സ്റ്റേഷനിലെ 11 കെ.വി.-യിലെ കുറഞ്ഞ വോൾട്ടേജ് 10.2 കെ.വി. ആണ്. മാത്രമല്ല സബ്സ്റ്റേഷന്റെ 50 ശതമാനം കപ്പാസിറ്റി മാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂ. എന്നിരുന്നാലും ട്രാൻസ്മിഷൻ ശൃംഖല വിപുലീകരണത്തിന്റെ ഭാഗമായി 110 കെ.വി. കൊല്ലങ്കോട് -വടക്കഞ്ചേരി ലൈൻ സർവ്വേ പുരോഗമിച്ചുവരുന്നു. ഈ ലൈൻ പൂർത്തീകരിച്ചാൽ നിലവിലുള്ള 66 കെ.വി. നെന്മാറ സബ്സ്റ്റേഷൻ 110 കെ.വി.-ആയി ഉയർത്തുകയും ആ പ്രദേശത്തെ വോൾട്ടേജ് കൂടുതൽ മെച്ചപ്പെടുകയും വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമാവുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly